വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ജൂലൈ 2

ശ്ലീഹാ ആറാം ഞായർ

തീയില്ലാതെ പുക ഉയരില്ല

ഏശ 10:12-18, 1 കൊറി 10:23-33, ലൂക്കാ 12:5-7, 13:1-6

മരിയ റാൻസം

OTT എന്ന വാക്ക് ആദ്യമായി കേൾക്കുന്നത് 2008 ലാണെന്ന് തോന്നുന്നു. സിനിമ റിലീസിന്റെ അതിർ വരമ്പുകൾ ഇല്ലാതാക്കിയ ഓവർ ദി ടോപ് പ്ലാറ്റ്ഫോമു കളും, ആകാശ കാഴ്ച സമ്മാനി ക്കുന്ന ഡ്രോൺ ക്യാമറ ഷൂട്ടുകളും പിന്നീട് സർവ സാധാരണമായി തീർന്നു. ആകാശ കാഴ്ചകൾ മനുഷ്യരെ എന്നും വിസ്മയിപ്പിക്കുന്നതാണല്ലോ? അത്തര ത്തിൽ മെട്രോ വന്നപ്പോഴായിരുന്നു കൊച്ചി പഴയ കൊച്ചിയല്ല എന്ന് ശരിക്കും മനസ്സിലായത്. വൻ നഗരങ്ങളുടെ പോസ്റ്ററുകളിൽ കാണുന്ന കണക്ക് , അടുക്കി നിരത്തിയ കെട്ടിടങ്ങളുടെ നടുവിലൂടെ ഇഴഞ്ഞിഴഞ്ഞുള്ള ആദ്യയാത്ര വലിയൊരു അനുഭവമായിരു ന്നു . ഇതിനെല്ലാം നടുവിലെവിടെയോ ആണ് ഈ ചെറിയ വലിയ ഞാൻ എന്നത് മിനിമം മൂന്ന് ദിവസത്തെ ധ്യാനത്തിനുള്ള വിഷയമുണ്ട്. സ്വന്തം നിസ്സാരതയും പരാശക്തിയുടെ അപാരതയും തിരിച്ചറിയുന്നതിനേക്കാൾ വലിയ ധ്യാനമില്ലല്ലോ?

എന്നാൽ ഇതെല്ലാം മറന്ന്, ആദികാലം മുതലേ ഘടാഘടിയന്മാരായ് ഭൂമിയിൽ നിലനിൽക്കുന്നവരെ പോലും വെറുതെ വിടാത്ത നമ്മുടെ ചില പ്രസ്താവനകൾ ഉണ്ട്. ഉദാഹരണ ത്തിന് കൊടുമുടി കീഴടക്കി വീടിന് മുറ്റത്ത് മുണ്ടും മടക്കി കുത്തി അത് ,പോര് വിളിച്ചൊന്നും വന്നില്ലല്ലോ? കണ്ട് മടങ്ങുമ്പോൾ മടക്കി ഒടിച്ച് കഴുത്തിൽ ടാഗും കെട്ടി ബിഗ്ഷോപ്പറിലിട്ട് കൊണ്ടു പോന്നതുമില്ല. സുന്ദരമായ

താഴ്വാരം ആവോളം കണ്ട് ആസ്വദിച്ചു എന്ന തരത്തിൽ കുലീനമായ ഹൃദയഭാഷ ചിലപ്പോൾ

ഭാവിയിൽ രൂപപ്പെട്ട് വരുമായിരിക്കും . പക്ഷെ വർത്തമാന കാലം മുട്ടൻ കോമഡികളുടേതാണ്.

ഉദാ: അടുത്തയാഴ്ച മുതൽ ബസ്സിക്ക തുറന്ന് പ്രവർത്തിക്കും!

ലൂക്കാ സുവിശേഷത്തിന്റെ OTT കാഴ്ച

ഇത്തരത്തിൽ ഭൂമിയുടെ ഒരു ചെറു ആകാശക്കാഴ്ചയാണ് ലൂക്കാ സുവിശേഷത്തിന്റെ പന്ത്രണ്ടാം അധ്യായം എന്നു തോന്നുന്നു. ലഭ്യമായ എല്ലാ രേഖകളും സസൂക്ഷ്മം പരിശോധിച്ച് തയ്യാറാക്കിയ ക്രമീകൃതമായ ഒരു സുവിശേഷം എന്നാണ്

ലൂക്കാ സുവിശേഷത്തെ വിശേഷിപ്പിക്കപ്പെടുന്നത്. പാരമ്പര്യങ്ങളെ വിശ്വസ്തതയോടെ രേഖപ്പെടുത്തുക മാത്രമല്ല ക്രിസ്തുദർശനത്തെ കേൾവിക്കാർക്ക് ഇടർച്ചയില്ലാത്ത വിധം അവതരിപ്പിക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. ഒരു കൈപ്പിടിയോളം

പോന്ന ബുദ്ധിയും അതിലും ചെറിയ ഹൃദയവും കൊണ്ട് ദൈവത്തെ മനസ്സിലാക്കുന്ന മനുഷ്യന്റെ എല്ലാ പരിമിതികളും മനസ്സിലാക്കി തന്നെ , ഈശോ പഠിപ്പിക്കുന്നതായി ഇന്നത്തെ വിചിന്തന ഭാഗം ഉൾപ്പെടുന്ന പന്ത്രണ്ടാം അധ്യായത്തിന്റെ തുടക്കം മുതൽ നമുക്ക് കാണാം. വലിയൊരു ജനക്കൂട്ടത്തെയായിരുന്നു യേശു പഠിപ്പിച്ചത്. തമ്മിൽ ബന്ധമില്ല എന്ന് ആദ്യവായനയിൽ നമുക്ക് തോന്നുമെങ്കിലും ഓരോ വാചകവും അക്ഷരാർത്ഥത്തിൽ കാച്ചികുറുക്കിയാണ് അവൻ പറയുന്നത്.

ഓരോ ചെറു വചനങ്ങളും അതിൽ തന്നെ സമ്പൂർണ്ണമാണ്, ഈ നൂറ്റാണ്ടിലും വളരെ പ്രസക്തവുമാണ്. ഭോഷനായ ധനികൻ, ദൈവപരിപാലനയിൽ ആശ്രയം, സദാ ജാഗരൂകരായിരിക്കുവിൻ എന്നീ തലക്കെട്ടിനു കീഴിൽ വരുന്ന വചനങ്ങളിലെല്ലാം മാനുഷിക ബുദ്ധിക്ക് അപ്രാപ്യമായ പരംപൊരുളിന്റെ വിസ്തൃതിയെ കുറിച്ച്

അതീവ ലളിതമായി പറഞ്ഞു വച്ചിരിക്കുന്നു. തനിക്ക് വേണ്ടതെന്തെന്ന് വ്യക്തമായി നിശ്ചയമുള്ള ആ വലിയ സംവിധായകന്റെ ആക്ഷനും കട്ടിനും അപ്പുറമുള്ള ഒരു ഫ്രെയിമിലേക്കും മനുഷ്യ ജീവിതം നീളില്ല എന്ന താക്കീതും ഇവിടെയെല്ലാം കാണാം.

അടയാളങ്ങളുടെ വിവേചനം

വചനം ആരംഭിക്കുന്നത് ഇപ്രകാരമാണ്, എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല? ഏത് വിധിയെക്കുറിച്ചാണ് ഈശോ പറഞ്ഞു തുടങ്ങുന്നത് എന്നറിയണമെങ്കിൽ നിശ്ചയമായും മുൻപേയുള്ള വാക്യങ്ങളും കൂടി കൂട്ടി വായിക്കപ്പെടേണ്ടതുണ്ട്. കാലത്തിന്റെ അടയാളങ്ങൾ വിവേചിക്കുവിൻ എന്ന തലക്കെട്ടിനു കീഴിൽ

നമുക്ക് ഇപ്രകാരം വായിക്കാം: പടിഞ്ഞാറു നിന്ന് മേഘം ഉയരുന്നത് കാണുമ്പോൾ പെരുമഴ വരുന്നു എന്ന് നിങ്ങൾ ഉടനെ പറയുന്നു. അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കറിയാം. എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തത് എന്തുകൊണ്ട് ? ബ്രഹ്മപുരത്തെ മാത്രമല്ല മണിപ്പൂരിൽ നിന്നുയരുന്ന പുകയും കാര്യമായി ഗൗനിക്കേണ്ടതു തന്നെയാണ്

വായന പുരോഗമിക്കുന്നത് ഇപ്രകാരമാണ്: നീ പ്രതിയോഗിയോട് കൂടെ അധികാരിയുടെ അടുത്തേക്ക് പോകുമ്പോൾ വഴിയിൽ വെച്ച് തന്നെ അവനോട് നിരന്നു കൊൾവാൻ ശ്രമിക്ക: അല്ലാഞ്ഞാൽ അവൻ നിന്നെ ന്യായാധിപന്റെ മുൻപിൽ ഇഴച്ചു കൊണ്ടുപോവുകയും ന്യായാധിപൻ നിന്നെ കോൽക്കാരന്റെ പക്കൽ ഏൽപ്പിക്കുകയും കോൽക്കാരൻ തടവിലാക്കുകയും ചെയ്യും. ഒടുക്കത്തെ കാശു പോലും കൊടുത്ത് തീരുവോളം നീ അവിടെ നിന്ന് പുറത്തുവരികയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു. (സത്യവേദ പുസ്തകത്തിലെ വരികൾ കുറേക്കൂടെ കാവ്യാത്മകമാണെന്ന് തോന്നുന്നു.)

രണ്ടുപേർ പ്രതിയോഗികൾ ആവുകയും ന്യായാധിപന്റെ അടുക്കലേക്ക് പോകേണ്ടി വരുകയും ചെയ്യുന്നത് എപ്പോഴാണെന്ന് നമുക്കറിയാം. സാധാരണ ഗതിയിൽ പൊടുന്നനെ ഉണ്ടായ ഒരു തർക്കത്തിന്റെയോ ദേഷ്യത്തിന്റെയോ പേരിൽ ആരും അധികാരിയുടെ സന്നിധിയിലേക്ക് പരാതിയുമായി പോകാറില്ല.

ചില മുറിവുകൾ കാലം പൊറുപ്പിക്കുകയും മറ്റു ചിലത് മധ്യസ്ഥന്മാരുടെ ഇടപെടലുകളിലൂടെ ഒത്തു തീർപ്പിലെത്തുകയുമല്ലെ പതിവ്? അധികാരിയുടെ മുന്നിലേക്ക് ഒരു പരാതി എത്തണമെങ്കിൽ പരാതിക്കാരന്റെ പക്കൽ നിശ്ചയമായും തെളിവുകൾ ഉണ്ടാവണം. അത് മൂന്നാമത് ഒരാൾ കേട്ടാൽ വിശ്വസ്നീയമായിരിക്കുകയും വേണം. ഭൂമിയിലെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് മുൻകരുതൽ എടുക്കുകയും, ദൈവത്താൽ നൽകപ്പെടുന്ന അടയാളങ്ങളെ തള്ളികളയുകയും ചെയ്യുന്നതിൽ പരം കാപട്യക്കാരനാവുന്നത് എങ്ങിനെ എന്നതാണ് ചോദ്യം. വാക്കിനും പ്രവൃത്തിക്കും മുൻപേ മനസ്സിൽ ഉരുവാകുന്ന ചിന്തകളെ പോലും അറിയുന്നവന്റെ ചോദ്യം ന്യായമാണ്. ജീവിതത്തിൽ പിഴവ് സംഭവിച്ചു എന്നതിന് തെളിവുമായി ഒരുവൻ നിന്റെ മുന്നിലേക്ക് വന്നാൽ അത് കാലം നൽകിയ അടയാളമായി തന്നെ കണ്ട്

തെറ്റ് തിരുത്തി അവനുമായി രമ്യപ്പെട്ടു കൊള്ളുക. ആകാശ കാഴ്ച കാണുന്ന ദൈവപുത്രന്റെ വാക്കുകളാണിത്. മറ്റൊന്നു കൂടി ചേർത്ത് മനസ്സിലാക്കേണ്ടതുണ്ട്. ഒരുവന്റെ മനസ്സാക്ഷി അവന് ചുറ്റുമുള്ളവരുമായി നിശ്ചയമായും ബന്ധിക്കപ്പെട്ടിട്ടുണ്ടത്രെ. ഇന്ന് വായനയ്ക്കായി വച്ചിരിക്കുന്ന ലേഖന ഭാഗം കൂടെ കൂട്ടി ചേർത്താൽ കുറച്ചു കൂടി വിശാലമായ മാനം നമുക്ക് ലഭിക്കുമെന്ന് തോന്നുന്നു. കൊറിന്തോസുകാർക്ക് എഴുതിയ ലേഖനം ഒമ്പതാം അധ്യായം 23 മുതൽ 33 വരെയുള്ള വാക്യങ്ങൾ. ഇതിൽ ഇരുപത്തിനാലാം വാക്യം ശ്രദ്ധേയമാണ്: ഏതൊരുവനും സ്വന്തം നന്മ കാംക്ഷിക്കാതെ അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ. നിന്റെ മനസാക്ഷിയല്ല, അവന്റേതാണ് ഞാൻ ഉദ്ദേശിക്കുന്നത്. (1 കൊറി : 10-23)

ഒറ്റയാൾ ഓട്ടമല്ല മറിച്ച് നിശ്ചിത സമയത്തേക്ക് മാത്രം ബാറ്റൺ കൈകളിലേക്ക് നൽകപ്പെടുന്ന റിലേയാണ് ദൈവരാജ്യമെന്ന് ചുരുക്കി എഴുതാമെന്ന് തോന്നുന്നു . ഭൂമിയിൽ നമ്മുടെ കരുതൽ

ഏൽപ്പിക്കപ്പെട്ടിരിക്കുന്ന അധികാരിക്കും, നമ്മുടെ കീഴിൽ വേല ചെയ്യുന്നവർക്കും ഒരേ ന്യായമാണ് ഉണ്ടാവേണ്ടതെന്ന് ചുരുക്കം.

ഭൂമിയിലെ രാജാക്കന്മാരെയല്ല നിനക്ക് ഈ ഭൂമിയിലെ അധികാരങ്ങൾ നൽകിയ ദൈവത്തെ ചാവേറ് കണക്ക് അനുസരിക്കുന്നവന് മാത്രമേ അണികളിൽ നിന്നും അനുസരണം സ്വപ്നം കാണാൻ അവകാശമുള്ളൂ എന്ന പ്ലക്കാർഡ് കുറച്ചധികം പ്രിന്റ് ചെയ്ത് ചില ഇടങ്ങളിൽ സ്ഥിരമായി സ്ഥാപിക്കുന്നത് നല്ലതാവും എന്ന് തോന്നുന്നു.

പരാതിക്കാരന്റെയും കുറ്റാരോപിതന്റെയും മനസാക്ഷി over the top ആയി - ആകാശക്കാഴ്ചയായി - കാണുന്ന തമ്പുരാൻ, പിടി ആരുടെ മേൽ വീഴുമെന്ന് വ്യക്തമായി പറഞ്ഞു വക്കുന്നുണ്ട്. വിചിന്തനം എഴുതുന്നതിനിടയിൽ കേൾക്കുന്ന വാർത്തകളും പറയുന്നു അവന്റെ വചനങ്ങൾ സത്യമാണെന്ന് . കീഴ്ക്കോടതി ശിക്ഷിച്ചവരെ മേൽക്കോടതി വെറുതെ വിടുന്ന നാട്ട് നടപ്പ് ഉന്നതങ്ങളിൽ ഇല്ലല്ലോ !

പഴുത്തില വീഴുമ്പോൾ ചിരിക്കരുത് സർ

തുടർന്ന് പതിമൂന്നാം അദ്ധ്യായം ഒന്ന് മുതലുള്ള വാക്യങ്ങൾ ഇങ്ങനെയാണ്: ഗലീലിക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തം കൂടി പീലാത്തോസ് കലർത്തിയ വിവരം ആ സമയത്ത് അവിടെയുണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു. ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവരെല്ലാം മറ്റു ഗലീലിയരെക്കാൾ പാപികളായിരുന്നു എന്ന് നിങ്ങൾ കരുതുന്നുവോ? ഒരേ വാക്യം രണ്ടു വട്ടം ആവർത്തിക്കുന്നുണ്ട് : പശ്ചാത്തപിക്കുന്നില്ല എങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും ഡോ. ജോയ്സ് കൈതക്കോട്ടിലച്ചന്റെ 'പ്രവാചകൻ എങ്ങിനെ പുരോഹിതനായി' എന്ന പുസ്തകത്തിൽ, പ്രവാചക ദൗത്യമായിരുന്നു യേശുവിന്റേത് എന്നും,

ഈ ദൗത്യത്തിന്റെ പിന്തുടരാവകാശിയാണ് ക്രൈസ്തവനെന്നും ആഴമേറിയ ഒരു നിരീക്ഷണം നടത്തുന്നുണ്ട്. ചുറ്റും സംഭവിക്കുന്ന കാര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും തള്ളേണ്ടവയെ തള്ളിക്കളയാനും ഉൾക്കൊള്ളേണ്ടവയെ സ്വീകരിക്കാനുമുള്ള തുറവിയാണ് നമുക്കാവശ്യം.

ഭീതി പരത്തുന്ന വാർത്തകളെ പോലും ആഘോഷങ്ങളാക്കി മാറ്റുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്ന ഒരുതരം നിസ്സംഗത ഈ കാലഘട്ടത്തിന്റെ വലിയ പ്രശ്നമായി മാറിക്കഴിഞ്ഞു.

ഈയടുത്ത് ഒരു എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ നടന്ന ആത്മഹത്യയെ പലരും ഏറ്റെടുത്ത രീതികൾ വല്ലാതെ അത്ഭുതപ്പെടുത്തി. വള്ളം കെട്ടാനുള്ള കടവ് ഞങ്ങൾ മുൻകൂട്ടി തീർച്ചപ്പെടുത്തിയിട്ടുണ്ട് എന്ന തരത്തിൽ ഒരു ബ്രാൻഡിങ്ങോടെ ആയിരുന്നു മുഖ്യധാരാ മാധ്യമങ്ങൾ റിപ്പോർട്ടിംങ്ങ് ആരംഭിച്ചത് തന്നെ. 'സംസ്ഥാന സർക്കാർ നയങ്ങളോട് നേരിട്ട് വെല്ലുവിളി ഉയർത്തിയ രൂപതയ്ക്കു കീഴിൽ വരുന്ന സ്ഥാപനത്തിലാണ് ഈ ദാരുണസംഭവം നടന്നത്. 'ഇതോടെ മാനേജ്മെന്റ് ഒരു മുഴം മുന്നേ എറിഞ്ഞ് രംഗത്തിറങ്ങി. വേറൊരു കൂട്ടർ മുൻ വൈരാഗ്യങ്ങൾ ഭേഷായി അങ്ങ് തീർത്തു. മറ്റു ചിലരാകട്ടെ രണ്ട് കിട്ടേണ്ടത് ആവശ്യമായിരുന്നു എന്ന് ട്രോളുകൾ ഇറക്കി. അത്ഭുതപ്പെടുത്തിയത് കത്തോലിക്കാ സഭ അടപടലം അനുഭവിച്ച ആഴമേറിയ സങ്കടങ്ങളിൽ നിസ്സംഗരായി, പൊട്ടന്റെ കുത്ത് കിട്ടിയതുപോലെ ഇരുന്നിരുന്ന ഇടങ്ങളിൽ നിന്നെല്ലാം ആ വലിയ നിലവിളി ശബ്ദം ഉയർന്ന് ഐക്യദാർഢ്യ പ്രഖ്യാപനം വന്നു എന്നതാണ്. എന്നാൽ ഇത് ഒരു അപകട സൂചനയായി തന്നെ കണ്ടവരുമുണ്ട് .

പതിനെട്ട് കഴിഞ്ഞവരെ യൂണിഫോമിലാക്കി ബ്രോയ്ലർ ഫാം കണക്ക് വളർത്തുന്നതിനോട് ശക്തമായ പ്രതിഷേധങ്ങൾ പലയിടത്തു നിന്നും ഉയർന്നു. ഒരു പ്രശ്നമുണ്ടായാൽ കയറി വരാൻ തുറന്നിട്ട വാതിലുകളാകണം വീടുകൾ എന്ന് വ്യക്തമായി ഓർമ്മപെടുത്തിയ വരുണ്ട് അത് എല്ലാ പ്രാധാന്യത്തോടെയും മനസ്സിലാക്കിയ മാതാപിതാക്കളുമുണ്ട്.

വലിയ ശ്രദ്ധയൊന്നും ലഭിക്കാതെ ജനിച്ച് വളർന്ന ഞാനുൾപ്പെടുന്ന തലമുറ, ഉറങ്ങുമ്പോൾ പോലും പിടിവിടാത്ത പാവക്കുട്ടിയെ കണക്കാണ് മക്കളെ നെഞ്ചോടടുക്കി മുറുക്കി പിടിച്ചിരിക്കുന്നത് എന്നതു വലിയ തിരിച്ചറിവ് തന്നെയായിരുന്നു. അനു നിമിഷം കേൾക്കുന്ന കെട്ട വാർത്തകളിലെ മത - രാഷ്ട്രീയ - ലിംഗ ഭേദങ്ങൾ - അതിലും കെട്ട മനസ്സുപയോഗിച്ച് എയ പോസ്റ്റിന് മാത്രം വിഷയമാക്കുന്നവരുടെ പൂർവ്വ പരമ്പര അന്നുമുണ്ടായിരുന്നത്രെ. തൊണ്ടയിൽ കുടുങ്ങിയ നിലവിളിയായ് ഭാരപ്പെടുത്തുന്ന സങ്കടങ്ങളെ ആഘോഷമാക്കാൻ മനുഷ്യർക്കെങ്ങിനെ കഴിയുന്നു?

രാപ്പാടി പണ്ട് രാത്രികളിൽ പാടിയിരുന്നില്ലത്രെ. പകലു മുഴുവൻ ഭക്ഷണം കഴിച്ച് രാത്രികളിൽ ഏതെങ്കിലും മരച്ചില്ലയിലിരുന്ന് അവ സുഖമായി ഉറങ്ങുമായിരുന്നു. അങ്ങിനെയങ്ങിനെ ഒരു ദിവസം മുന്തിരി വള്ളികൾ തളിർത്ത് വളരുന്ന ഒരു തോട്ടത്തിലിരുന്ന് രാപ്പാടി പൂണ്ടിരുന്നുറങ്ങി പോയി. നിമിഷ നേരം കൊണ്ട് അതിവേഗത്തിൽ വളരുന്ന മുന്തിരി വള്ളികൾ രാപ്പാടിയുടെ പാദങ്ങളെ മരച്ചില്ലയോട് ചേർത്ത് കെട്ടിയെന്നും, പേടിച്ച് പോയ രാപ്പാടികൾ അതിൽ പിന്നീട് രാവുകളിൽ ഉറങ്ങാതിരിക്കാൻ പാട്ടു പാടി തുടങ്ങിയെന്നതും ചിലപ്പോൾ നാടോടി കഥ മാത്രമായിരിക്കും.

എന്നാൽ സുഖസുഷുപ്തിയിലാണ്ട് ഉറങ്ങി പോയാൽ, അനു നിമിഷം അപ്രതീക്ഷിത വേഗത്തിൽ വളരുന്ന ചില മുന്തിരി വള്ളികൾ കാലുകളെ കെട്ടും എന്ന് അടയാളമായി വിവേചിച്ചറിഞ്ഞ

രാപ്പാടികൾ ഇന്നും നമുക്കിടയിൽ പാടുന്നുണ്ട്. സമൂഹം ഒന്നടങ്കം നശിച്ച് പോകാതിരിക്കാതിരിക്കാൻ അടയാളങ്ങളെ വിവേചിച്ചറിഞ്ഞ്, ടഛഠ കോഡു പോലെ Save our ship Save our Soul അവർ അവർക്കാവും വിധം പാടുകയാണ്. സമൂഹത്തിന് മുഴുവനും വേണ്ടിയുള്ള ഉണർത്ത് പാട്ടായി അത് മാറട്ടെ.

ആമേൻ

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com